**POLICE** **KERALA** **DEPARTMENT**

**No. B1-19739/2020/W**
District Police Office,
Wayanad
✉spwynd.pol@kerala.gov.in
✆04936202525
Dated. 17-11-2020

**ലേല പരസ്യം.**

പുൽപ്പള്ളി പോലീസ് ക്വാർട്ടേർസിന് സമീപത്ത് ഉണങ്ങിയതും കഷണങ്ങളായി മുറിച്ചിട്ടതുമായ ഒരു ഞാവൽ മരം ബന്ധപ്പെട്ട അധികാരികൾ അനുവാദം നല്കിയതിന്റെ അടിസ്ഥാനത്തിൽ 04/12/2020 തീയതി രാവിലെ 10.30 മണിക്ക് ലേലം ചെയ്തു വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്തു നിശ്ചിത സമയത്ത് (04/12/2020 തീയതി രാവിലെ 10.30 മണിക്ക് ) നേരിട്ടു ഹാജരാകേണ്ടതും താഴെക്കാണുന്ന പ്രകാരം നിരത ദ്രവ്യം ലേലം തുടങ്ങുന്നതിന് അര മണിക്കൂർ മുന്പായി സായുധ സേനാ അസി.കമാണ്ടന്റ് (I/C) മുൻപാകെ കെട്ടി വയ്ക്കേണ്ടതാണ്.

**വില നിർണായ റിപ്പോർട്ട്.**

| SL No | Species | GBH in cm | Volume | | Govt. Rate | | Value | | Remarks |
|---|---|---|---|---|---|---|---|---|---|
| | | | Timber M3 | FW MT | Timber Price in M3 | FW price in MT | Timber Price in M3 | FW price in MT | |
| 1 | ഞാവൽ | 230 | 2.869 | 1.435 | 5633 | 5633 1770 | 16161 | 2540 | Nil |

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ തന്നെ നിരത ദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി നിരത ദ്രവ്യം ഒഴിച്ചുള്ള ലേലത്തുകയും 5 % ഫോറസ്റ്റ് ഡവലപ്മെന്റ് ചാർജ് എന്നിവയും ചേർത്ത് ലേല സ്ഥലത്തു വച്ച് ലേല ബോർഡ് ചെയർമാൻ വശം (സായുധ സേനാ അസി. കമാണ്ടന്റ് (I/C) ) അടച്ച രസീത് വാങ്ങേണ്ടതാണ്. ( വിറകിന് ജി എസ് ടി ബാധകമല്ല ).

ലേലം സ്ഥിരപ്പെടുത്തുന്നതിനായുള്ള അറിയിപ്പ് ഈ കാര്യാലയത്തിൽ നിന്നു ലഭിച്ചുകഴിഞ്ഞാൽ എത്രയും പെട്ടെന്നു ലേലം കൊണ്ടായാൾ പുൽപ്പള്ളി പോലീസ് ക്വാർട്ടേർസിന് സമീപത്ത് നിന്നും സ്വന്തം ചെലവിൽ മരം നീക്കം ചെയ്യേണ്ടതാണ്.

എന്നാൽ ഈ വ്യവസ്ഥ പാലിക്കാത്ത പക്ഷം ലേലം കൈക്കൊണ്ടയാൾ അടച്ച നിരത ദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മൊത്തം തുക സർക്കരിലേയ്ക്ക് മുതൽ കൂട്ടുന്നതും, ടി മരങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരം നടത്തുന്ന പുനർ ലേലത്തിൽ സർക്കരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരിൽ നിന്നും ഈടാക്കുന്നതും, മറിച്ച് കൂടുതലായി ലേലത്തുക ലഭിക്കുകയാണെങ്കിൽ ടി അധിക തുകയിൽ മുൻ ലേലം കൊണ്ടായാൾക്ക് യാതൊരുവിധ അവ്കാശമോ, അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലതീയതിക്ക് മുന്നെയുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11.00 മണി മുതൽ 4.00 മണി വരെയുള്ള സമയങ്ങളിൽ മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ള മരങ്ങൾ പുൽപ്പള്ളി പോലീസ് സ്റ്റേഷൻ ഹൌസ് ഓഫീസറുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ജില്ലാ സായുധ സേന മേധാവിയിൽ നിഷിപ്തമായിരികും. ലേലം സംബന്ധിച്ച എല്ലാ സര്ക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

G POONGUZHALI IPS
District Police Chief (ic)

B1-19739/2020/W

6f6ab9